# Deepika

## 28 August 2018

## Perumbavoor: After flood, Relief operations



# പ്ലൈവുഡ് കമ്പനിക്ക് ഫണ്ട് അനുവദിക്കണമെന്ന്

പെരുമ്പാവൂർ: പ്രളയദുരന്തത്തെ തുടർന്ന് നാശനഷ്ടം നേരിട്ട പെരുമ്പാവൂരിലെ പ്ലൈവുഡ് കമ്പനികൾക്ക് സർക്കാർ താത്ക്കാലികാശ്വാസ ഫണ്ട് നൽകണമെന്ന് ഓൾ കേരള പ്ലൈവുഡ് അസോസിയേഷൻ ആവശ്യപ്പെട്ടു. ഈ മേഖലയിൽ അറുപതോളം കമ്പനികൾക്കാണ് നാശനഷ്ടങ്ങളുണ്ടായത്.

ഇതു കണക്കിലെടുത്ത് സഹായം നൽകുന്നതിനു മുമ്പ് താത്കാലിക പുനരുദ്ധാരണത്തിനു സർക്കാർ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിൽനിന്ന് 10 ലക്ഷം രൂപയിൽ കുറയാത്ത അടിയന്തര സഹായം കെഎസ്എസ്ഐഎയുടെ ഗാരന്റിയിൽ പലിശരഹിതമായി നൽകണമെന്ന് ജനറൽ സെക്രട്ടറി വി.എം. അലിയാർ വ്യവസായ മന്ത്രിയോടും ധനകാര്യ വകുപ്പു മന്ത്രിയോടും ആവശ്യപ്പെട്ടു.